കാരുണ്യ കേരളം
സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വാർത്താപത്രിക

വാല്യം: 2 ലക്കം: 5 2025 ഡിസംബർ

വിഷൻ 2031

# ആരോഗ്യ സെമിനാർ : ദശാബ്ദത്തിന്റെ നേട്ടങ്ങൾ! ഭാവി കാഴ്ചപ്പാടുകൾ!




2031ൽ കേരള സംസ്ഥാനം രൂപീകരിച്ചിട്ട് 75 വർഷം പൂർത്തിയാകുന്നതിനാൽ കഴിഞ്ഞകാല വളർച്ചയും, ഭാഷാവികസനവും ചർച്ച ചെയ്യുന്നതിനായി സംഘടിപ്പിക്കപ്പെട്ട സെമിനാറുകളുടെ ഭാഗമായ ആരോഗ്യ സെമിനാർ തിരുവല്ല ബിലീവേഴ്സ് കൺവെൻഷൻ സെന്ററിൽ നടന്നു.

ആരോഗ്യ സെമിനാറിലെ ചർച്ചകളിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ ക്രോഡീകരിച്ച് ഡോക്യുമെന്റാക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്ജ്. എല്ലാ സെഷനുകളിലേയും ഡോക്യുമെന്റ് സംഗ്രഹിച്ച് പൊതുവായ ഡോക്യുമെന്റ് തയ്യാറാക്കും. ഇത് മുഖ്യമന്ത്രിക്ക് സമർപ്പിക്കുമെന്നും മന്ത്രി വ്യക്തമാക്കി. വിഷൻ 2031 ചർച്ചകളുടെ സമാപനത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

ക്രിയാത്മക നിർദ്ദേശങ്ങൾ നിറഞ്ഞതായിരുന്നു ചർച്ചാവേദികൾ. പകർച്ചവ്യാധി പ്രതിരോധത്തിന് ശുചിത്വം ഉറപ്പാക്കാൻ സാക്ഷരതാ മിഷൻ പോലെ ക്യാമ്പയിൻ ആണ് ചർച്ചയിലെ പ്രധാന ആശയം. ഗവേഷണത്തിന് കൃത്യമായ നയവും മാനദണ്ഡങ്ങളും ഉണ്ടായിരിക്കണം, ഏകീകൃത ആരോഗ്യ ഗവേഷണ ചട്ടക്കൂട് സ്ഥാപിക്കുക, കേരള ഗവേഷണ പ്രൊമോഷൻ പോർട്ടൽ, ഡാറ്റയും വൈദഗ്ധ്യവും ശേഖരിക്കുന്നതിനുള്ള നിർദിഷ്ട കൺസോർഷ്യം, മെഡിക്കൽ കോളേജുകളിൽ തൃതീയ പരിചരണം ശാക്തീകരിക്കുക, റഫറൽ നെറ്റ്‌വർക്ക് ശക്തിപ്പെടുത്തുക, ഇന്റൻസീവ് കെയർ ശാക്തീകരണം, ഡിജിറ്റൽ ഹെൽത്ത് ആൻഡ് ടെലിമെഡിസിൻ, ഐഎ സഹായത്തോടെയുള്ള ഡയഗ്നോസ്റ്റിക്സ്, പോയിന്റ് ഓഫ് കെയർ ഡയഗ്നോസ്റ്റിക്സ്, താങ്ങാനാവുന്ന സാമൂഹിക സുരക്ഷാ പദ്ധതികൾ അവതരിപ്പിച്ചുകൊണ്ട് സാർവത്രിക ആരോഗ്യ കവറേജ്, ദീർഘകാല രോഗങ്ങൾക്ക് സബ്സിഡി മരുന്നുകൾ, ആരോഗ്യ പാക്കേജുകളും സേവന നിരക്കുകളും മാനദണ്ഡമാക്കുക, ക്യാൻസർ പ്രതിരോധവും രോഗനിർണയവും ശക്തിപ്പെടുത്തുക, കാൻസർ പരിചരണത്തിന്റെ വികേന്ദ്രീകരണം, വയോജന പരിചരണത്തിലെ മികവിനുള്ള കേന്ദ്രം, കോഴിക്കോട് ഓർഗൻ ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിട്യൂട്ടിലെ റോബോട്ടിക്സ്, എല്ലാ ജില്ലകളിലെയും ഭക്ഷ്യ സുരക്ഷാ പരിശീലന കേന്ദ്രങ്ങൾ, ആശുപത്രി ദുരന്ത നിവാരണ നയം, ഡിജിറ്റൽ ഡോക്യുമെന്റേഷൻ, ആരോഗ്യ പ്രവർത്തകർക്കിടയിൽ സംയോജിത പരിശീലനവും അവബോധവും, ദുരന്ത നിവാരണത്തിനായുള്ള മാനസികാരോഗ്യ പിന്തുണയും കമ്മ്യൂണിറ്റി പ്രതിരോധശേഷിയും, കേരള ട്രോമാ കെയർ നയം നടപ്പിലാക്കുക എന്നിവയും ചർച്ചയിൽ ഉരുത്തിരിഞ്ഞ പ്രധാനപ്പെട്ട ആശയങ്ങളാണ്.

ആരോഗ്യ രംഗത്തെ വിവിധ വിഷയങ്ങളിൽ അധിഷ്ഠിതമായ 10 പാനൽ ചർച്ചകളാണ് 4 വേദികളിലായി സംഘടിപ്പിച്ചത്. അതാത് രംഗത്തെ വിദഗ്ദർ മോഡറേറ്ററുമാരായും പാനലിസ്റ്റുകളായും പങ്കെടുത്തു. കാൻസർ, വയോജന പരിപാലനം, പാലിയേറ്റീവ് കെയർ, ഹൃദ്രോഗങ്ങൾ, സ്ട്രോക്ക്, പ്രമേഹം, രക്താതിമർദ്ദം, കുട്ടികളിലെ ജീവിതശൈലീ രോഗങ്ങൾ, സിഒപിഡി, മെഡിക്കൽ ഗവേഷണം, ടെർഷ്യറി കെയർ ശാക്തീകരണം, പൊതുജനാരോഗ്യത്തിന്റെ സാമ്പത്തിക ശാസ്ത്രം, ആയുഷ് മേഖല, സാംക്രമിക രോഗങ്ങൾ , ഏകാരോഗ്യ പദ്ധതി, എമർജൻസി ആന്റ് ട്രോമകെയർ, ദുരന്ത നിവാരണം, സ്ത്രീകളുടേയും കുഞ്ഞുങ്ങളുടേയും ആരോഗ്യം, തീരദേശ മേഖലയിലേയും ഗോത്ര വിഭാഗങ്ങളുടേയും ആരോഗ്യം, മരുന്ന് ഗവേഷണം, ഉത്പാദനം, ചികിത്സയുടെ ഭാവി, ഭക്ഷ്യ സുരക്ഷ എന്നീ വിഷയങ്ങളിലാണ് പാനൽ ചർച്ചകൾ നടന്നത്. ഈ ചർച്ചകളിൽ നിന്നും ഉരുത്തിരിഞ്ഞ ആശയങ്ങളുടെ സംഗ്രഹം മന്ത്രി അവതരിപ്പിച്ചു.

ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ എൻ ഖോബ്രഗഡെ, പ്ലാനിംഗ് ബോർഡ് അംഗം ഡോ. പി.കെ. ജമീല, എസ്.എച്ച്.എ. എക്സി. ഡയറക്ടർ ഡോ. അരുൺ എസ്. നായർ, ഔഷധി ചെയർപേഴ്സൺ ശോഭനാ ജോർജ്ജ്, മലബാർ കാൻസർ സെന്റർ ഡയറക്ടർ ഡോ. ബി സതീശൻ, അമൃത ആശുപത്രിയിലെ കൺസൽട്ടന്റ് കാർഡിയോളജിസ്റ്റ് ഡോ. ജയ്ദീപ് സി മേനോൻ , ജവഹർലാൽ നെഹ്റു സെന്റർ ഫോർ അഡ്വാൻസ്ഡ് സയൻസ് റിസേർച്ചിലെ പ്രൊഫ. ചന്ദ്രഭാസ് നാരായണ, ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയിലെ ഡോ. വി.ജി. ഉദയകുമാർ , ഹോമിയോപ്പതി പ്രിൻസിപ്പൽ ആന്റ് കണ്ട്രോളിംഗ് ഓഫീസർ ഡോ. ടി.കെ. വിജയൻ, ഐ എ വി ഡയറക്ടർ ഡോ. ഇ. ശ്രീകുമാർ, ആരോഗ്യ വകുപ്പ് അഡീഷണൽ സെക്രട്ടറി ഷീബ ജോർജ്ജ്, കാസർഗോഡ് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. ഇന്ദു പി.എസ്., അസി. ഡ്രഗ്സ് കൺട്രോളർ ഡോ. ഷാജി എം വർഗ്ഗീസ്, ഡബ്ല്യുഎച്ച്ഒ കൺസൽട്ടന്റ് ഡോ. എൻ. ആനന്ദവല്ലി, ലോകബാങ്ക് ലീഡ് എക്കണോമിസ്റ്റ് ഡോ. അജയ് ടണ്ടൻ, ആരോഗ്യ വിദഗ്ധ ഡോ. ദേവകി നമ്പ്യാർ എന്നിവർ പങ്കെടുത്തു.



# ഇ ഗവേണൻസ് അവാർഡുകളിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് 2 പുരസ്കാരങ്ങൾ

**ഇ** ഗവേണൻസ് രംഗത്തെ നൂതന ആശയങ്ങളെ പ്രോത്സാഹിപ്പിക്കാനായി സംസ്ഥാന സർക്കാർ നൽകുന്ന ഇ-ഗവേണൻസ് അവാർഡുകൾ പ്രഖ്യാപിച്ചതിൽ രണ്ടു വിഭാഗങ്ങളിലായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസി രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കി.

സ്റ്റേറ്റ് ഹെൽത്ത് ഏജൻസി നടപ്പിലാക്കി വരുന്ന ആരോഗ്യ പരിരക്ഷാ പദ്ധതികളായ ആരോഗ്യ കിരണം, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി എന്നിവയ്ക്കാണ് പുരസ്കാരങ്ങൾ ലഭിച്ചത്.

ആരോഗ്യകിരണം പദ്ധതിയുടെ ഡിജിറ്റലൈസേഷൻ, ഡിജിറ്റൽ പ്രോസസ്സ് റീ എഞ്ചിനീയറിംഗ് വിഭാഗത്തിൽ രണ്ടാം സ്ഥാനവും, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്ക് ഇ സിറ്റിസൺ സർവീസ് ഡെലിവറി ആൻഡ് എംഗവേണൻസ് വിഭാഗത്തിൽ മൂന്നാം സ്ഥാനവും ആണ് പുരസ്കാരങ്ങൾ ലഭിച്ചത്.




പുരസ്കാരങ്ങൾ ബഹു. മുഖ്യമന്ത്രിയിൽ നിന്നും സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ജോയിന്റ് ഡയറക്ടർ ഡോ. ബിജോയ് ഇ (ഓപ്പറേഷൻസ്), ജോയിന്റ് ഡയറക്ടർ ശ്രീമതി. അല്ലിറാണി എ.എം. (ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ) എന്നിവർ ഏറ്റുവാങ്ങുന്നു.

# ആരോഗ്യ വകുപ്പിന്റെ വെബ് പോർട്ടൽ പ്രകാശനം ചെയ്തു






**സം**സ്ഥാന ആരോഗ്യ വകുപ്പിന്റെ സമഗ്ര വെബ്പോർട്ടൽ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് തിരുവല്ല ബിലിവേഴ്സ് കൺവെൻഷൻ സെന്ററിൽ പ്രകാശനം ചെയ്തു. ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി രാജൻ എൻ. ഖോബ്രഗഡെ വിവരണം നടത്തി. ആരോഗ്യവകുപ്പ് സംഘടിപ്പിച്ച 'വിഷൻ 2031' എന്ന ആരോഗ്യ സെമിനാറിലായിരുന്നു പ്രകാശനം. health.kerala.gov.in എന്നതാണ് പോർട്ടലിന്റെ അഡ്രസ്. സിഡിറ്റ് ആണ് പോർട്ടൽ നിർമ്മിച്ചത്.

ആരോഗ്യമേഖലയിലെ നേട്ടം, പ്രവർത്തനം, ആധികാരിക വിവരം, ബോധവൽകരണം തുടങ്ങിയവ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ളവരിലും ഗവേഷകരിലും എത്തിക്കുകയാണ് പോർട്ടലിന്റെ ലക്ഷ്യം. ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിലുള്ള 10 വകുപ്പുകൾ, 30 സ്ഥാപനങ്ങൾ എന്നിവയുടെ വെബ്സൈറ്റുകളെ കോർത്തിണക്കിയാണ് പോർട്ടൽ ഒരുക്കിയത്. ഡാഷ്ബോർഡിൽ കേരളത്തിന്റെ ആരോഗ്യരംഗത്തെ സംബന്ധിച്ച ഗ്രാഫുകൾ, ടേബിളുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യ മേഖല സംബന്ധിച്ച് ജനങ്ങൾക്കാവശ്യമുള്ള നിയമങ്ങൾ, മാർഗനിർദേശങ്ങൾ, ഉത്തരവുകൾ എന്നിവയും ലഭ്യമാണ്.

ആരോഗ്യ വിവരങ്ങൾക്ക് പുറമെ പ്രധാനപ്പെട്ട ബോധവൽകരണ പോസ്റ്ററുകൾ, വീഡിയോകൾ എന്നിവയുമുണ്ട്. ബോധവൽകരണം ശക്തമാക്കാൻ പോർട്ടലിനോടനുബന്ധിച്ച് പ്രത്യേക ഫേസ്ബുക്ക് പേജ്, യൂട്യൂബ് ചാനൽ, എക്സ് പേജ്, ഇൻസ്റ്റഗ്രാം പേജ് എന്നിവയും ആരംഭിച്ചിട്ടുണ്ട്.

# ജീവിതത്തിനായുള്ള പോരാട്ടം- ആശ്വാസമായി കാരുണ്യ

**കൊ**ല്ലം ജില്ലയിലെ എഴുകോൺ സ്വദേശിയായ 51 വയസുള്ള സുഗതന് അപ്രതീക്ഷിതമായി അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതി മോശമായി. ഛർദിയും വിളർച്ചയുമായി ആശുപത്രിയിൽ ചികിത്സ തേടിയപ്പോഴാണറിയുന്നത് വൃക്കകളുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിരിക്കുന്നത്.

അന്ന് മുതൽ തന്നെ സ്ഥിരമായ ഡയാലിസിസ് ചികിത്സ ആവശ്യമായി വന്നു. ചികിത്സ തുടർന്നപ്പോൾ വരുമാനമാർഗം നഷ്ടമായി. കുടുംബം മുഴുവൻ സാമ്പത്തിക പ്രതിസന്ധിയിൽ മുങ്ങി. മരുന്നും യാത്രാച്ചെലവും ചികിത്സയ്ക്കുള്ള ചിലവും എല്ലാം കൂടി മുന്നോട്ട് പോകുക അസാധ്യമായി തോന്നി. ആരോഗ്യ ഇൻഷുറൻസ് കാർഡ് എടുത്തിട്ടില്ലാത്തതിനാൽ ആ പ്രതീക്ഷയും മങ്ങി.

അപ്പോൾ അവസ്ഥയും ബുദ്ധിമുട്ടും മനസിലാക്കി ഡയാലിസിസ് ചെയ്യുന്ന കൊല്ലം ജില്ലാ ആശുപത്രിയിൽ നിന്നും കാരുണ്യ ബെനവലന്റ് പദ്ധതിയെപ്പറ്റി അറിയുവാൻ കഴിഞ്ഞു. ആശുപത്രി അധികൃതർ ആ പദ്ധതിയിലൂടെ 3 ലക്ഷം രൂപ ധനസഹായം ലഭിക്കുമെന്നറിയിച്ചു. അതിലൂടെ ലഭിച്ച സാമ്പത്തിക സഹായം അദ്ദേഹത്തിനും കുടുംബത്തിനും വലിയൊരു രക്ഷാകവചമായി. ചികിത്സ തുടരാനുള്ള ആത്മവിശ്വാസവും കരുത്തും അതിലൂടെ ലഭിച്ചു.

കഴിഞ്ഞ ആറ് വർഷമായി അദ്ദേഹം ഡയാലിസിസ് ചികിത്സ തുടരുകയാണ്. ജീവിതം പ്രയാസകരമാണെങ്കിലും, സഹായവും കരുത്തും കൊണ്ട് പ്രതിസന്ധികളെ അതിജീവിക്കുവാനുള്ള ആത്മധൈര്യത്തിലാണ് കുടുംബം.

**സജിത**
ആരോഗ്യ മിത്ര
എ. എ. റഹീം മെമ്മോറിയൽ ജില്ലാ ആശുപത്രി, കൊല്ലം

# "സ്ത്രീ" ക്ലിനിക്കുകൾ ആരംഭിച്ചു




**ജ**നകീയ ആരോഗ്യ കേന്ദ്രങ്ങൾ, നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ, സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ സ്ത്രീ ക്യാമ്പയിനുകൾ ആരംഭിച്ചു. 'ആരോഗ്യമുള്ള സ്ത്രീകൾ ശക്തമായ സമൂഹം' എന്ന ആശയത്തിലൂടെയാണ് ഇതിനാലുള്ള ക്യാമ്പയിൻ ആരംഭിച്ചിരിക്കുന്നത്. സെപ്റ്റംബർ 16 മുതൽ വനിതാദിനമായ മാർച്ച് 8 വരെ വരെയാണ് സ്ത്രീ ക്ലിനിക്കുകളുടെ ഭാഗമായുള്ള കാമ്പയിൻ.

ജനകീയാരോഗ്യകേന്ദ്രങ്ങളിലും, നഗര ആരോഗ്യ കേന്ദ്രങ്ങളിലും സ്ത്രീ ക്ലിനിക്കുകൾ ചൊവ്വാഴ്ചകളിൽ ഉണ്ടാകും. ക്യാമ്പയിന്റെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങൾ, ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ വിദഗ്ധ മെഡിക്കൽ സേവനങ്ങൾ എന്നിവ ഉണ്ടാകും.

പൊതുജനാരോഗ്യ സംവിധാനത്തിൽ അഭിവാജ്യമായി ഘടകമായി മാറിയിരിക്കുന്ന ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് സ്ത്രീകൾക്കും കുട്ടികൾക്കുമായി ക്ലിനിക്കുകൾ, അയൽക്കൂട്ട സ്ക്രീനിംഗ് ക്യാമ്പുകൾ, വിദഗ്ധ സ്പെഷ്യലിസ്റ്റ് സേവനങ്ങൾ എന്നിവ ഒരുക്കുന്നതിനായാണ് സ്ത്രീ ക്ലിനിക്കുകൾ ആരംഭിച്ചിരിക്കുന്നത്. സ്ത്രീകളിലെ വിളർച്ച,പ്രമേഹം, രക്തസമ്മർദ്ദം, വായിലെ ക്യാൻസർ, ഗർഭാശയഗള ക്യാൻസർ ഉൾപ്പെടെ പത്തുതരം പരിശോധനകൾ, ഗർഭകാല പരിചരണം, പ്രതിരോധ കുത്തിവെപ്പുകൾ, സ്ത്രീകളുടെ ശാരീരിക മാനസികാരോഗ്യസംബന്ധമായ വിഷയങ്ങൾ അടിസ്ഥാനമാക്കിയുള്ള ബോധവൽക്കരണം, എന്നിവയോടൊപ്പം ആവശ്യമായ പരിചരണവും ലഭിക്കും. സ്ത്രീ ക്യാമ്പയിന്റെ ഭാഗമായി എല്ലാ ചൊവ്വ, വ്യാഴം, ശനി ദിവസങ്ങളിൽ അയൽക്കൂട്ട സ്ക്രീനിങ് ക്യാമ്പുകൾ സംഘടിപ്പിക്കും.

## പത്രാധിപ സമിതി

ചീഫ് എഡിറ്റർ:
**ഡോ. അരുൺ എസ്. നായർ IAS**
(എക്സിക്യൂട്ടീവ് ഡയറക്ടർ)

എഡിറ്റർ:
**തേജസ് തോമസ് ഉഴുവത്ത്**
(മാനേജർ-ഐ.ഇ.സി. & സി.ബി.)

അസി എഡിറ്റർ:
**വിപിൻ വി.**
(എക്സിക്യൂട്ടീവ് -ഐ.ഇ.സി. & സി.ബി.)

അംഗങ്ങൾ:

**ഡോ. ബിജോയ് ഇ.**
(ജോയിന്റ് ഡയറക്ടർ - ഓപ്പറേഷൻസ്)

**അല്ലിറാണി എ. എം.**
(ജോയിന്റ് ഡയറക്ടർ -
ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ)

# അജിമോളുടെ കുടുംബത്തിന് കാരുണ്യ ബെനെവലന്റ് ഫണ്ടിലൂടെ കൈത്താങ്ങ്

ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ സ്വദേശിനിയായ 43 വയസ്സുള്ള അജിമോൾ 2024 ഡിസംബർ മാസത്തിൽ ഉണ്ടായ അപകടത്തിൽ പരിക്കേറ്റ് കാലിന് ഗുരുതരമായി പരിക്കേറ്റു. തുടർന്ന് ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിൽ ചികിത്സയ്ക്കായി അഡ്മിറ്റ് ചെയ്തപ്പോൾ, ഡോക്ടർമാർ സർജറി നിർബന്ധമാണെന്നും അതിനായി ഏകദേശം ഒരു ലക്ഷം രൂപ ചെലവ് വരുമെന്നും അറിയിച്ചു. വിദ്യാർത്ഥികളായ രണ്ട് കുട്ടികളും ദിവസവേതനക്കാരനായ ഭർത്താവുമടങ്ങുന്ന അജിമോളുടെ കുടുംബത്തിന് കില്ലായിരുന്നു.

ഭർത്താവ് ഇൻഷുറൻസ് കൗണ്ടറിൽ എത്തിയപ്പോൾ KASP അർഹതയില്ലെന്ന് അറിഞ്ഞു. ഈ വിവരം കേട്ടപ്പോൾ കുടുംബം ഏറെ വിഷമത്തിലായി. ഈ വിവരം കേട്ടപ്പോൾ കുടുംബം ഏറെ വിഷമത്തിലായി.

അന്നാണ് ഇൻഷുറൻസ് ജീവനക്കാർ, അജിമോളുടെ കുടുംബത്തിന് വലിയൊരു കൈത്താങ്ങാവുന്ന കാരുണ്യ ബെനെവലന്റ് ഫണ്ട് (KBF) എന്ന പദ്ധതിയെ പരിചയപ്പെടുത്തിയത്.


KBF പദ്ധതി പ്രകാരം ഒരു കുടുംബത്തിന് പരമാവധി 2 ലക്ഷം രൂപയുടെ വരെ ചികിത്സ സഹായം ലഭ്യമാണ്. വൃക്ക സംബന്ധമായ അസുഖങ്ങൾക്ക് 3 ലക്ഷം രൂപ വരെയും ലാഭിക്കാം. വരുമാനം തെളിയിക്കുന്ന രേഖ, റേഷൻ കാർഡ്, ആധാർ കാർഡ് എന്നിവയുമായി ആശുപത്രിയിലെ കാസ്പ് കിയോസ്കിൽ ആണ് അപേക്ഷ സമർപ്പിക്കേണ്ടത്.

അജിമോളുടെ കുടുംബത്തിനായി ആശുപത്രിയിലെ KASP ജീവനക്കാർ സർജറി നടക്കുന്നതിന് മുൻപേ തന്നെ കെ.ബി.എഫ്. അംഗീകാരം ലഭ്യമാക്കാൻ ശ്രമിച്ചു. വളരെ കുറഞ്ഞ സമയത്തിനുള്ളിൽ തന്നെ പദ്ധതിയുടെ അംഗീകാരം ലഭിച്ചതോടെ, അജിമോളുടെ സർജറി വിജയകരമായി പൂർത്തിയാക്കാൻ കഴിഞ്ഞു.

ഇന്ന്, അജിമോളും കുടുംബവും കാരുണ്യ ബെനെവലന്റ് ഫണ്ടിന്റെ സഹായം കൊണ്ട് സാമ്പത്തിക ബാധ്യതകളിൽ നിന്ന് മോചിതരായി, പുതുജീവിതത്തിലേക്ക് കടക്കുകയാണ്. അവർക്ക് ലഭിച്ച ഈ സർക്കാർ സഹായം, അനേകം നിർധന കുടുംബങ്ങൾക്ക് വലിയൊരു കരുത്തും പ്രതീക്ഷയും നൽകുന്ന പദ്ധതിയാണെന്ന് അവർ സന്തോഷത്തോടെ പറയുന്നു.

**ഫാബിൻ ജെ ജോസഫ്**
ജില്ലാ പ്രൊജക്റ്റ് കോ-ഓർഡിനേറ്റർ, ആലപ്പുഴ

# ഷനോജിന് കാരുണ്യയുടെ തുടരുന്ന കരുതൽ





സ്വന്തം ഹൃദയത്തിന്റെ താളം തെറ്റിയപ്പോഴാണ് എറണാകുളം ജില്ലയിലെ ആലുവ തോട്ടുമുഖം സ്വദേശിയായ ഷനോജ് തിരിച്ചറിഞ്ഞത് – തെറ്റിയത് തന്റെ ഹൃദയതാളമാത്രമല്ല, മുഴുവൻ കുടുംബത്തിന്റെ ജീവിതതാളമാണെന്ന്. ഒരു വർഷം മുൻപ് ആൻജിയോപ്ലാസ്റ്റി ചെയ്തതാണ്. പക്ഷേ ഇക്കഴിഞ്ഞ ജൂലൈ മാസത്തിൽ വീണ്ടും ഹൃദയത്തിന് പ്രശ്നം വന്നു. കോട്ടയം മെഡിക്കൽ കോളേജിൽ നല്ല ശസ്ത്രക്രിയ ലഭിക്കും എന്ന് മനസ്സിലാക്കിയ കുടുംബാംഗങ്ങൾ ഷനോജിനെ ഡോ. ജയപ്രകാശിന്റെ മുമ്പിലെത്തിച്ചു.

ഷനോജിനെ പരിശോധിച്ച ഹൃദ്രോഗ വിദഗ്ധനായ ജയപ്രകാശ് ഡോക്ടറിന് ഒരു കാര്യം മനസ്സിലായി, ഷനോജിന്റെ ജീവൻ അപകടത്തിലാണ്. "ഡി ഫിബ്രിലേറ്റർ" എന്ന ഉപകരണം വച്ചു പിടിപ്പിച്ചാലെ രോഗി രക്ഷപെടുകയുള്ളു എന്ന്. പെട്ടന്ന് ബന്ധുക്കളെ വിവരം അറിയിച്ചു. സ്വകാര്യ മേഖലയിൽ ആറു ലക്ഷത്തിലധികം ചെലവ് വരുന്ന ശസ്ത്രക്രിയയാണിത്.

കോട്ടയം മെഡിക്കൽ കോളേജിലെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ജീവനക്കാരുടെ സമയോചിതവും, കാര്യക്ഷമവുമായ ഇടപെടൽ വന്നതോടെ, ശസ്ത്രക്രിയ പൂർണ്ണമായും സൗജന്യമായി ലഭ്യമാക്കും എന്ന് ഷനോജിനും കുടുംബത്തിനും ആശ്വാസമായി.

സങ്കീർണ്ണമായ ശസ്ത്രക്രിയ പൂർത്തിയാവാൻ 3 മണിക്കൂറെടുത്തു. പതിയെ ഷനോജ് സ്വാഭാവിക ജീവിതത്തിലേക്ക് തിരികെ നടന്നു. 5 ദിവസത്തെ ആശുപത്രിവാസത്തിന് ശേഷം സ്വഭവനത്തിലേക്ക് തിരികെ പോകുമ്പോൾ ഷനോജ് ഓർത്തു ഇത് ആദ്യമല്ല ......രണ്ടാം തവണയാണ് കാരുണ്യ പദ്ധതി തന്റെ ജീവൻ തിരികെ നൽകുന്നത്. 3,50,000/ രൂപയോളം ചെലവ് വരുന്ന ശസ്ത്രക്രിയ പൂർണ്ണമായും സൗജന്യമായി ലഭ്യമാക്കിയ മെഡിക്കൽ കോളേജ് ജീവനക്കാർക്കും ഒപ്പം ആരോഗ്യ സുരക്ഷാ പദ്ധതിയിലൂടെ തന്റെ ജീവൻ തിരികെ കൊടുത്ത സർക്കാരിനും നന്ദി പറയാൻ ഷനോജും കുടുംബവും മറന്നില്ല.

**ടോമി കുര്യാക്കോസ്**
പി. ആർ. ഒ.
ഗവ. മെഡിക്കൽ കോളേജ്, കോട്ടയം











# തൃശ്ശൂർ ജില്ലയിലെ PMAM/ MEDCO എന്നിവർക്ക് ആയുള്ള തുടർ പരിശീലന പരിപാടി

AB-PMJAY പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ഇത് കൈകാര്യം ചെയ്യുന്ന ആശുപത്രി ജീവനക്കാരുടെ അറിവ് വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള പരിശീലന പരിപാടികൾ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി നടത്തിവരുന്നു. തൃശ്ശൂർ ജില്ലയിലെ PMAM/MEDCO എന്നിവർക്ക് ആയുള്ള തുടർ പരിശീലന പരിപാടി ജൂൺ 2025ന് ഡി.എം.ഒ. കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ചു. പ്രസ്തുത പരിപാടി തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസർ ഡോക്ടർ ശ്രീദേവി ഉദ്ഘാടനം ചെയ്തു ഡെപ്യൂട്ടി ഡിഎംഒ ഡോക്ടർ ഷീജ എൻ എ, എൻ.എച്ച്.എം. ഡി പി എം ഡോക്ടർ സജീവ് കുമാർ പി എന്നിവർ മുഖ്യപ്രഭാഷണം നടത്തി.



സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ ജില്ലാ ഐടി മാനേജർ ശ്രീ വിവേക് കൃഷ്ണൻ, ഡിസ്ട്രിക്റ്റ് പ്രോജക്ട് കോഡിനേറ്റർ ശ്രീമതി റെനി കുര്യാക്കോസ് എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. 40 ഓളം പബ്ലിക് /പ്രൈവറ്റ് എംപാനൽഡ് ആശുപത്രികളിൽ നിന്നുള്ള 75 ഓളം സ്റ്റാഫുകൾ TMS/BIS തുടങ്ങിയ വിവിധ പോർട്ടലുകളെ പറ്റിയുള്ള പരിശീലന പരിപാടിയിൽ പങ്കെടുത്തു. ശരിയായ രീതിയിലും കൃത്യതയിലും മെഡിക്കൽ റെക്കോർഡ്സ് അപ്ലോഡ് ചെയ്തു പോർട്ടലിൽ ആവശ്യമായ വിവരങ്ങൾ സമർപ്പിച്ച് രോഗികൾക്ക് കൃത്യമായ ഇൻഷുറൻസ് സേവനം ഉറപ്പു വരുത്താൻ ഈ പരിപാടി ആശുപത്രികളെ സഹായിച്ചു. ഫീൽഡ് ഓഫീസർ വിജേഷ് കെ.വി. എല്ലാവർക്കും നന്ദി രേഖപ്പെടുത്തി.

# കാരുണ്യ പദ്ധതിയുടെ കരുതലിൽ അബ്ദുൽ അസീസും കുടുംബവും



**ഒ**രു ചെറുകിട ഫാൻസി ഷോപ്പ് നടത്തിപ്പുകാരനാണ് ആലിപ്പറമ്പ് സ്വദേശി 58 വയസ്സുകാരനായ അബ്ദുൾ അസീസ്. ഫാൻസി ഷോപ്പിലെ നിത്യവരുമാനം കൊണ്ട് സംതൃപ്തമായ ജീവിതം മുന്നോട്ട് കൊണ്ട് പോകുകയായിരുന്നു. ഒരു ദിവസം ജോലിക്കിടെ ഷോപ്പിൽ വെച്ച് അസീസ് ഒന്ന് തല ചുറ്റി വീണു. അതോടെ അസീസിന്റെ ജീവിത ഗതി ആകെ മാറി. നാട്ടുകാരുടെ സഹായത്തോടെ ആശുപത്രിയിലെത്തിച്ച അസീസിനെ വിദഗ്ധ പരിശോധനയിൽ കരൾ രോഗം ആണെന്ന് കണ്ടെത്തി. അങ്ങനെ ഉദാരമതികളായ നാട്ടുകാരുടെ സഹായത്തിൽ ഒരു ചികിൽസ കമ്മിറ്റി രൂപീകരിക്കുകയും ഡയാലിസിസ് ചെയ്യുവാനുമുള്ള ഫണ്ട് സ്വരൂപിക്കുവാനും തുടങ്ങി.

എന്നാൽ അവിടെയും പ്രതീക്ഷകൾ അസ്തമിച്ചു കൊണ്ട് നെഞ്ച് വേദനയെ തുടന്ന് അടുത്തുള്ള ഒരു സ്വകാര്യ ആശുപത്രിയിൽ പ്രവേശിക്കുകയും അടിയന്തരമായി ആൻജിയോഗ്രാം ചെയ്യുകും ഉണ്ടായി. അതിൽ ഒരു വെസ്സൽ പൂർണമായി തകരാറിലാണെന്നും അടിയന്തിരമായി തന്നെ ആൻജിയോപ്ലാസ്റ്റി ചെയ്യേണ്ടതിനെ കുറിച്ച് ഡോക്ടർ വിശദീകരിച്ചു. അപ്പോഴാണ് കാരുണ്യ പദ്ധതിയെ കുറിച്ച് എന്നിലൂടെ അറിയുന്നത്. ഉടനെ തന്നെ കാരുണ്യ ഇൻഷുറൻസ് കാർഡ് എടുപ്പിക്കാൻ വേണ്ട സഹായങ്ങൾ ചെയ്തു. അതിനു ശേഷം കാരുണ്യ പദ്ധതിയിലൂടെ ആന്ജിയോപ്ലാസ്റ്റി ലഭ്യമാകുന്ന ആശുപത്രികളുടെ വിവരങ്ങളും കൈമാറി.

ആന്ജിയോപ്ലാസ്റ്റി ചെയ്തതിന് ശേഷം ഇപ്പോൾ ഡയാലിസിസും കാരുണ്യയുടെ കരുതലിൽ ചെയ്തു വരുന്നു. കാരുണ്യ ഉറപ്പാക്കുന്ന കരുതലിന്റെ കൈത്താങ്ങും സർക്കാർ കൂടെ ഉണ്ടെന്ന ആത്മവിശ്വാസവുമാണ് ഇന്ന് അസീസിനെ മുന്നോട്ടു നയിക്കുന്നത്.

**സുധീഷ്**
ആരോഗ്യമിത്ര മദർകെയർ ഹോസ്പിറ്റൽ

# നിറ പുഞ്ചിരിയോടെ...



**'അ**സുഖം വന്നിട്ട് ചികിത്സ നൽകുന്നതിനേക്കാൾ നല്ലത് അസുഖം വരാതെ നോക്കലാണ്.' എന്നിരുന്നാലും പലർക്കും പല വിധത്തിൽ അസുഖം വരാറുണ്ട് ചെറിയ രീതിയിൽ ചികിത്സ വേണ്ടിയതും തുടർ ചികിത്സ ആവശ്യമുള്ളതും ഉണ്ടാവാറുണ്ട് മഞ്ചേരി മെഡിക്കൽ കോളേജിൽ ആറു വർഷമായി ജോലി ചെയ്തു വരുന്ന ഞാൻ എനിക്ക് ഉണ്ടായ ചില അനുഭവങ്ങൾ പങ്കു വെക്കുകയാണ്.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി കൗണ്ടറിൽ ജോലിയിൽ പ്രവേശിക്കുമ്പോൾ എനിക്ക് ഈ പദ്ധതിയെ കുറിച്ചു ഒന്നും അറിയില്ലായിരുന്നു. എന്നാൽ ഇതിനെ കുറിച്ച് പഠിച്ചെടുത്തപ്പോൾ ഇതിന്റെ ഉപയോഗം ജനങ്ങൾക്ക് പല വിധത്തിൽ സഹായകരമാകുമെന്ന് മനസിലായി. പിന്നെ ചെയ്യാൻ പറ്റുന്ന വിധത്തിൽ എല്ലാം ഞാനും എന്റെ സഹപ്രവർത്തകരും ആരോഗ്യ പരിരക്ഷാ സേവനങ്ങൾ ഇവിടെ വരുന്ന എല്ലാ രോഗികൾക്കും PMJAY-KASP മുഖേനയും ഇല്ലാത്തവർക്ക് കാരുണ്യ ബെനവലെന്റ് പദ്ധതി മുഖേനയും സർക്കാർ ഉറപ്പാക്കുന്ന സേവനങ്ങൾ നൽകാൻ സാധിച്ചിട്ടുണ്ട്. പുതുക്കാതെ വരുന്ന കാർഡുകൾ അവർക്ക് ഇനി പരിരക്ഷ കിട്ടില്ല എന്ന് കരുതി വരുന്നവരായിരിക്കും, എന്നാൽ അവർക്കത് പുതുക്കി നൽകുമ്പോൾ ഉള്ള സന്തോഷം പറഞ്ഞറിയിക്കാൻ കഴിയാത്തതാണ്. കാസ്പ് കൗണ്ടറിനു മുന്നിൽ നിൽക്കുമ്പോൾ രോഗിയേക്കാളും ക്ഷീണിതർ ആയിട്ടുണ്ടാവും കൂടെയുള്ളവർ, എന്നാലും നമ്മൾ അവരുടെ അർഹതപ്പെട്ട സേവനങ്ങൾ ശരിയാക്കി കഴിഞ്ഞാൽ നമ്മുടെ നിർവ്വതി വളരെ വലുതാണ്. ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന മഞ്ചേരി മെഡിക്കൽ കോളേജിലെ കാസ്പ് കൗണ്ടറിൽ രാത്രി ഉറക്കമൊഴിച്ചു ജോലി ചെയ്ത് അവർക്കു വേണ്ടിയത് ചെയ്തു കൊടുക്കുമ്പോൾ ഒരിക്കൽ പോലും ക്ഷീണം തോന്നിയിട്ടില്ല. കാരണം മരുന്നിനും പലവിധ ടെസ്റ്റുകൾക്കും ഇത് കിട്ടിയിട്ട് വേണമെന്നതിന്നാൽ അവരും നമ്മളെ പോലെ ഉറക്കമൊഴിച്ചാണ് നിൽക്കുന്നത്.

രോഗികൾക്ക് ചികിത്സ നല്കാൻ തയ്യാറായ ആരോഗ്യ പ്രവർത്തകരുടെ നല്ല ഒരു ടീമുതന്നെ മഞ്ചേരി മെഡിക്കൽ കോളേജിൽ ഉണ്ട്. ചികിത്സാ സാമ്പത്തിക ബാധ്യത കുടുംബത്തിനെ ബാധിക്കാതെ തന്നെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ പരിശോധനയും ചികിത്സയും ലഭിക്കാൻ സഹായകമാവുന്നു. കേരളത്തിലെ ആരോഗ്യ പരിരക്ഷാ പദ്ധതികൾ ഏറ്റവും ജനോപകാരപ്രദമാണെന്നത് അടി വരയിട്ടു പറയേണ്ടതാണ്.

**സജിത കെ.**
ആരോഗ്യ മിത്ര,
മെഡിക്കൽ കോളേജ് ആശുപത്രി,
മഞ്ചേരി, മലപ്പുറം ജില്ല.

# മാനന്തവാടി മെഡിക്കൽ കോളജ് ആശുപത്രിയിൽ അരിവാൾ കോശ രോഗിയ്ക്ക് ശസ്ത്രക്രിയയിലൂടെ ഇടുപ്പ് മാറ്റിവെച്ചു

**മാ**നന്തവാടി ഗവ. മെഡിക്കൽ കോളജ് ആശുപത്രിയിൽ അരിവാൾ കോശ രോഗിയായ 26കാരന്റെ ഇടുപ്പ് ശസ്ത്രക്രിയയിലൂടെ വിജയകരമായി മാറ്റിവെച്ചു. ഇതോടെ ചേകാടി സ്വദേശിയായ യുവാവിന് ദുരിതപൂർണമായ ജീവിതത്തിൽ നിന്നും മോചനമായി. 2021 ൽ മാത്രം മെഡിക്കൽ കോളജ് ആയി ഉയർത്തിയ ആശുപത്രിയിൽ ഇതിനകം മൂന്ന് അരിവാൾകോശ രോഗികളിലാണ് അതിസങ്കീർണ്ണമായ ഇടുപ്പ് മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കിയത്.

ഓർത്തോപീഡിക്സ് വിഭാഗത്തിലെ ഡോക്ടർമാരായ അനീൻ എൻ കുട്ടി, കെ സുരേഷ്, വി ശശികുമാർ, ഡിജോ, ഇർഫാൻ, അനസ്തേഷ്യ വിഭാഗത്തിലെ ഡോക്ടർമാരായ ബഷീർ, ചന്ദൻ, ഉസ്മാൻ വയൽപറമ്പത്ത്, മുനീർ, സർജറി വിഭാഗം ഡോക്ടർമാർ എന്നിവരുടെ നേതൃത്വത്തിൽ നഴ്സിംഗ് ജീവനക്കാരും ശസ്ത്രക്രിയയിൽ പങ്കാളികളായി.




സംസ്ഥാനത്തെ ഏക അത്യാധുനിക സിക്കിൾ സെൽ യൂണിറ്റാണ് മാനന്തവാടി മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവർത്തിക്കുന്നത്. വിദഗ്ധ പരിശീലനം ലഭിച്ച ഡോക്ടർമാർ, നഴ്സിങ് ഓഫീസർമാർ, ലാബ് ടെക്നീഷ്യൻ, ഫിസിയോ തെറാപ്പിസ്റ്റ്, ഡാറ്റ എൻട്രി ജീവനക്കാർ എന്നിവരുടെ സേവനം സിക്കിൾ സെൽ യൂണിറ്റിൽ ലഭ്യമാണ്.

**ബിൽജിത എം. എസ്.**
ആരോഗ്യമിത്ര മാനന്തവാടി

# ഹൃദയപൂർവ്വം കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി




**കാ**സറഗോഡ് ജില്ലയിലെ മലയോര പ്രദേശമായ പനത്തടി പഞ്ചായത്തിലാണ് നാരായണനും കുടുംബവും താമസിച്ചിരുന്നത്. കഴിഞ്ഞ 12 വർഷത്തിലധികമായി KSEB യിൽ കരാർ തൊഴിലാളിയാണ് നാരായണൻ

ഇടയ്ക്കിടയുണ്ടാകുന്ന നെഞ്ചു വേദനയെ തുടർന്ന് പരിശോധനയ്ക്കായാണ് നാരായണനെ കാഞ്ഞങ്ങാടുള്ള ഗവൺമെന്റ് ജില്ലാ ആശുപത്രിയിലെ കാർഡിയോളജി വിഭാഗത്തിൽ 2025 ആഗസ്റ്റ് 5 തീയതി പ്രവേശിപ്പിക്കുന്നത്. വിശദമായ പരിശോധനകൾക്ക് ശേഷം നാരായണന്റെ ഹൃദയധമനികളിൽ 3 ബ്ലോക്ക് ഉണ്ടെന്ന് കണ്ടെത്തുകയും ഒരു ബ്ലോക്ക് അടിയന്തിരമായി ആൻജിയോ പ്ലാസ്റ്റിയിലൂടെ നീക്കം ചെയ്യുകയും ചെയ്തു. കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയിൽ നിന്നും 72200 രൂപയുടെ സാജന്യ ചികിത്സയാണ് നാരായണന് ഉറപ്പാക്കിയത്.

ഒരു മാസത്തിനുശേഷം നടത്തിയ പരിശോധനയിൽ തുടർന്ന് രണ്ടാമത്തെ ആൻജിയോപ്ലാസ്റ്റി നടത്തി ബ്ലോക്കുകൾ നീക്കം ചെയ്തു. ഇത്തവണയും ചികിത്സ സൗജന്യമാക്കിയത് കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയുടെ കാർഡിലൂടെയായിരുന്നു. കരാർ തൊഴിലാളിയുടെ വരുമാനത്തിൽ നിന്നു ചുരുങ്ങിയ കാലഘട്ടത്തിനിടയിൽ ആവശ്യമായ ഭാരിച്ച ചികിത്സ ചിലവാണ് കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയുടെ സഹായത്താൽ നാരായണന്റെ കുടുബത്തിന് തുണയായത്.

2022 ഒക്ടോബറിലാണ് കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ഹൃദയ ചികിത്സ വിഭാഗവും കാത്ത് ലാബും ആരംഭിക്കുന്നത്. ഡോക്ടർ രാജി രാജൻ, ഡോക്ടർ പ്രവീണ എന്നിവർ ഇവിടെ സേവനമനുഷ്ഠിക്കുന്നു. മൂന്നുവർഷം കൊണ്ട് 1500 ലധികം ആളുകൾക്ക് ഹൃദ്രോഗത്തിന് വിഗദ്ധ ചികിത്സ നൽകി ജീവിതത്തിലേക്ക് തിരികെ നടത്താൻ ജില്ലാ ആശുപത്രിയിലെ കാർഡിയോളജി വിഭാഗത്തിന് കഴിഞ്ഞിട്ടുണ്ട്. അതിൽ അർഹരായവർക്കെല്ലാം സൗജന്യ ചികിത്സയൊരുക്കാൻ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്.

**സിബിൻ ജോസഫ്**
ജില്ലാ പ്രൊജക്ട് കോർഡിനേറ്റർ, കാസറഗോഡ്

# കാസ്പ് എന്നത് ഒരു സ്കീമല്ല, മനുഷ്യസ്നേഹത്തിന്റെ ഭാഷയാണ്

**ചാ**റ്റൽ മഴയുടെ സംഗീതം കേട്ട് ഉറക്കപ്പായയിൽ നിന്ന് മനസ്സില്ല മനസ്സോടെ എഴുന്നേറ്റ് വാതിൽ തുറക്കുമ്പോൾ ഒരേയൊരു പ്രാർത്ഥന മാത്രമേ ഉണ്ടായിരുന്നുള്ളൂ സന്തോഷപൂർണ്ണം ആകട്ടെ ഇന്നത്തെ ദിവസവും. അടുക്കളയിലെ ജോലി യാന്ത്രികമായി ചെയ്യുന്നതിനിടയിൽ ഓഫീസിലെ മേശപ്പുറത്ത് കൂടിക്കൂടി വരുന്ന ഫയലുകളാണ് ഓർമ്മവന്നത് ഓരോ ഫയലും ഓരോ ജീവിതങ്ങളാണ്. അതിലെ ഓരോ വരികളും ഡോക്ടർമാരുടെയും നേഴ്സുമാരുടെയും മറ്റും പ്രയത്നമാണ്.




സമയം വൈകിപ്പോയ സ്കൂൾ കുട്ടിയെ പോലെ ധൃതിയിൽ മെഡിക്കൽ കോളേജിലേക്ക് കയറിയപ്പോൾ അമ്മയുടെ അരികിലെത്തിയ കുട്ടിയുടെ സുരക്ഷിതത്വത്തിന്റെ ഒരു തണലാണ് അനുഭവപ്പെട്ടത്. ഒന്ന് ഓർത്താൽ മെഡിക്കൽ കോളേജ് അങ്ങനെ തന്നെയല്ലേ എത്രയോ പേർക്കുള്ള ഒരു അഭയ കേന്ദ്രം അതിന്റെ കീഴിൽ ഒരു വലിയ തണൽമരം ഉണ്ട്. സാധാരണക്കാരന്റെ അത്താണിയായ സൗജന്യ ചികിത്സ പദ്ധതി വിഭാഗം എത്രയെത്ര ജീവിതങ്ങളാണ് അവരുടെ സ്വപ്നങ്ങൾ മെനയുന്നത് പ്രതീക്ഷകൾ ബാക്കിയാക്കി ജീവിതം തിരികെ പിടിക്കാൻ വെമ്പുന്ന രോഗികൾക്ക് ഒരു അഭയ കേന്ദ്രം. സ്റ്റെപ്പുകൾ കയറി മൂന്നാം നിലയിൽ എത്തുമ്പോൾ റേഷൻ കാർഡ് കയ്യിൽ പിടിച്ച് കൊണ്ട് ഒരു വൃദ്ധൻ തടഞ്ഞു നിർത്തിക്കൊണ്ട് ചോദിച്ചു മോളെ ഇത് എവിടെയാ കൊടുക്കേണ്ടത്... അയാളുടെ മുഖത്തെ നിസ്സഹായത എന്നെ ജോലിയിലേക്ക് മുഴുവനായും ആവാഹിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ കയ്യും പിടിച്ച് കാസ്പിലെ കൗണ്ടറിൽ ഏൽപ്പിച്ചപ്പോൾ മനസ്സിൽ ഒരു വലിയ നന്മ ചെയ്ത അഹങ്കാരം തോന്നിപ്പോയോ... കാസ്പ് എന്ന സ്വർഗത്തിൽ എത്തിയപ്പോൾ ഞങ്ങൾ ജോലിയിൽ മുഴുകുകയായിരുന്നു. തിരക്കൊഴിഞ്ഞ സമയമില്ല ഇടവേളകളില്ല.

പ്രതീക്ഷകൾ നെരിപ്പോടാക്കി കഴിയുന്ന പച്ചയായ മനുഷ്യരുടെ സങ്കടങ്ങളിൽ മുഴുകി അവരിൽ ഒരാളായി മാറിക്കഴിയുന്ന നിമിഷങ്ങൾ. രജിസ്ട്രേഷൻ കൗണ്ടറിലെ തിരക്കിനെ നിയന്ത്രിക്കാൻ എത്തിയപ്പോൾ പരിഭവവും പരാതിയും ഇല്ലാത്ത കുറെ മനുഷ്യർ പേപ്പർ പരിശോധിച്ചു ഓക്കേ പറയുമ്പോൾ അവരുടെ മുഖത്ത് വിടരുന്ന പുഞ്ചിരി ഞങ്ങളുടെ വിശപ്പ് അകറ്റുകയാണ്. ഒരുപക്ഷേ ഈ സ്പെഷ്യൽ സ്കീം തന്നെയല്ലേ മനുഷ്യ സ്നേഹത്തിന്റെ അതിർവരമ്പുകൾ ഇല്ലാതാക്കുന്നത്. വിശപ്പാണല്ലോ മനുഷ്യന്റെ ഏറ്റവും വലിയ ദുഃഖം. ആ ദുഃഖം അകറ്റാൻ മെഡിക്കൽ കോളേജിലെ മുക്കിലും മൂലയിലും കഫ്റ്റീരിയ ഉണ്ട് ഒരു ഗ്ലാസ് ചായ കുടിക്കണം എന്ന മോഹവുമായി നിൽക്കുമ്പോഴാണ് CT സ്കാനിന്റെ റിക്വസ്റ്റ് ഫോം കയ്യിൽ പിടിച്ച പിന്നിൽ നിന്നും ഒരമ്മയുടെ വിളി. കൊടും കാട്ടിൽ അകപ്പെട്ട് വഴി തെറ്റി പോയ ഒരു കുട്ടിയെപ്പോലെ മെഡിക്കൽ കോളേജ് മുഴുവനും കയറിയിറങ്ങി എത്തിയതാണ് കാസ്പ് ഓഫീസിനുമുന്നിൽ. മൂന്നാം നിലയിലെ ഇരുപതാം നമ്പർ റൂമിലെ സ്കീം ഓഫീസിൽ എത്താൻ അവർക്ക് ഉണ്ടായ അനുഭവം വിശദീകരിക്കുന്നതിനിടയിൽ CT ഫോമിൽ കാസ്പ് സീൽ ചെയ്തു സന്തോഷത്തോടെ ആ അമ്മയെ യാത്രയാക്കി.

ആശുപത്രിയിലെ സൗജന്യ ചികിത്സാ പദ്ധതികളിൽ പ്രധാനപ്പെട്ടവയായ കാസ്പ് KBFന്റെ വിവിധ കൗണ്ടറുകളിൽ വിവിധ മുഖങ്ങൾ വിവിധ വികാരങ്ങളും ആയി നിൽക്കുമ്പോൾ ഒരു വിശ്രമം ഇല്ല എന്നതാണ് പരമസത്യം. ചായ കുടിക്കാനുള്ള മോഹം അവസാനിപ്പിച്ച് കുപ്പിയിൽ കരുതിയ വെള്ളം മോന്തുന്നതിനിടയിൽ ഒരു സ്ത്രീ കയറിവന്ന് കരഞ്ഞു കൊണ്ട് പറയാൻ തുടങ്ങി. എന്റെ മകൻ സ്കൂളിൽ നിന്ന് വീണതാണ് x-ray എടുക്കാൻ പൈസയില്ല എന്തെങ്കിലും സഹായം കിട്ടുമോ പിന്നെ ഒന്നും ആലോചിച്ചില്ല സർക്കാറിന്റെ സൗജന്യ ചികിത്സ കാസ്പിലും KBFലും മാത്രം ഒതുങ്ങുന്നില്ലല്ലോ 18 വയസ്സിൽ താഴെ ഉള്ള കുട്ടികൾക്കും സാന്ത്വന പദ്ധതി ആരോഗ്യ കിരണത്തിന്റെ സാധ്യതകളിലേക്കുള്ള ചിറകു വിടർത്തലായി. ഇതും എസ്. എച്ച്. എ യുടെ കരുതലിന്റെ മാജിക്.

വൈകുന്നേരമായാൽ ഡിസ്ചാർജിന്റെ തിരക്കിലായി ഞങ്ങൾ. ഓരോ മനുഷ്യനെയും അവരുടെ വീട്ടിലെത്തിക്കാനുള്ള പരക്കം പാച്ചിൽ. ഓരോ സായാഹ്നത്തിലും ഓരോ മുഖങ്ങൾ കണ്ടു യാത്രയാകുമ്പോൾ കാസ്പിലെ ഞങ്ങളുടെ സുന്ദരമായ നിമിഷങ്ങൾ അവസാനിക്കുകയാണ്. വിശാലമായ കാസ്പ് എന്ന ലോകത്തു നിന്നും വിടപറയേണ്ടി വന്നാലും എല്ലാവർക്കും കരുതൽ ഉറപ്പാക്കി കാസ്പ് വാനോളം ഉയരട്ടെ...

**ശ്രീജ വി വി**
MEDCO,
മെഡിക്കൽ കോളേജ് കണ്ണൂർ

Edited and Published by Dr. Arun S Nair IAS , Executive Director, State Health Agency, for and on behalf of State Health Agency, Department of Health and Family Welfare, Government of Kerala. Editor Thejus Thomas Uzhuvath Design and Layout RedXell Media Hub Ph: 9400464646, 7356220244 Printed at Kerala State C-apt, Thiruvananthapuram. Ph: 0471-2365678 *(For Private Circulation only)*